ശ്രീ. എം. ഐ. പോൾ: ഇപ്പോൾ അവർ എത്ര മണിക്കൂർ സമയം ജോലി ചെയ്യണം? 6 0 രൂപയിൽ കുറഞ്ഞ ശമ്പളം പറ്റുന്ന ജോലിക്കാരെപ്പറ്റി യാണു ഞാൻ ചോദിച്ചതു്.

ശ്രീ. എ. ജെ. ജോൺ: 8 മണി മുതൽ 5 മണിവരെ.

ശ്രീ. എം. ഐ. പോൾ: ഇതിൽ കൂടുതൽ സമയം അവർ ജോലിചെയ്യുന്നപക്ഷം അതിലേക്കു കൂടുതൽ ശമ്പളം കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവൺമെണ്ടുദ്യോഗസ്ഥന്മാർ ഗവൺമെണ്ടു് ആവശ്യപ്പെടുന്ന സമയം മുഴുവനും ജോലിചെയ്യണമെന്നാണു് ഇപ്പോഴത്തെ വ്യവസ്ഥ

COLACHAL HOSPITAL

*942. [31] **Sri. D. Gnanasigamoni:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether any decision has been taken to shift the Colachal hospital from its present location;

(*b*) if so, when was it so decided;

(*c*) whether any new site has been fixed upon and if so where; and

(*d*) what according to Government will be the time within which the shift will take place?

Minister for Finance and Revenue **[Sri. A. J. John]:** (*a*) No.

(*b*), (*c*) and (*d*): The question does net arise.

Sri. D. Gnanasigamony: Is there a proposal to shift the hospital to the place where the police outpost is located?

Sri. A. J. John: A resolution was passed by the Municipality saying that the hospital may be shifted to the police station. The Inspector-General was consulted in the matter. He raised an objection, so that the proposal was dropped.

Sri. D. Gnanasigamoni : Are the Government aware that the present place where the hospital is located is quite unsuitable for the location of a hospital?

Sri. A. J. John : There is some inconvenience.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എത്ര സെൻറ സ്ഥലത്താണു് ഈ ആശുപത്രി സ്ഥാപിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അതിൻെറ മുന്ന സ്ഥലത്തും റോഡാണെന്നും, വളരെ ചെറിയ സ്ഥലത്തുമാത്രമാണു് ആ ആശുപത്രി സ്ഥാപിച്ചിരിക്കുന്നതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെ അസൌകര്യമുണ്ടെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

Sri. D. Gnanasigamony: Will the Hon'ble Minister be pleased to visit the place and take the necessary action?

ശ്രീ. എ. ജെ. ജോൺ: ഞാൻ വിസിറ്റുചെയ്യിട്ടുണ്ടു്.

ശുദ്ധജലക്ഷാമം

*൯൪൩. (൯൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിനാൻസ് ആൻറ് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശുദ്ധജലം കിട്ടാതെ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നവരുടെ കൂട്ടത്തിലുള്ള മൺറോത്തുരുത്തു നിവാസികളുടെ നിവേദനങ്ങൾ കിട്ടാൻ തുടങ്ങിയിട്ടു് എത്ര കാലമായി?

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവരുടെ ആ കഷ്ടത നീക്കുവാൻ അടുത്ത ഭാവിയിൽ എന്തെങ്കിലും ചെയ്യുന്നതിനു് ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ: (എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. (൨ കൊല്ലം.)

(ബി) അവിടെ കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു് അന്വേഷിക്കുന്നുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എത്ര കാലമായി ഈ നിവേദനങ്ങൾ കിട്ടിയിട്ടു്?

ശ്രീ. എ. ജെ. ജോൺ: ഏകദേശം രണ്ടു കൊല്ലമായിക്കാണും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിനുശേഷം കരുനാഗപ്പള്ളി താലൂക്കിലും, കാഞ്ഞിരപ്പള്ളി താലൂക്കിലും കുഴൽ കിണറുകൾ സ്ഥാപിച്ചു കൊടുത്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഈ രണ്ടു താലൂക്കിലും കുഴൽക്കിണറുകൾ സ്ഥാപിക്കേണ്ടതു വളരെ അത്യാവശ്യമാണെന്നു ഗവണ്മെണ്ടു കണ്ടതുകൊണ്ടാണു് അപ്രകാരം ചെയ്തതു്. ഇവിടെയും ആവശ്യമാണെന്നു ഗവണ്മെണ്ടിനറിയാം. അതേപ്പറ്റി ഗവണ്മെണ്ടു് ആലോചിക്കുകയാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മൺറോത്തുരുത്തിൽ കരുനാഗപ്പള്ളി താലൂക്കിലെപ്പോലെ ശുദ്ധജലക്ഷാമം ഇല്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: ശുദ്ധജലം അത്യാവശ്യമായ പല സ്ഥലങ്ങളും തിരുവിതാംകൂറിലുണ്ടു്. എല്ലാ സ്ഥലങ്ങളിലും ഒരുമിച്ചു ശുദ്ധജലവിതരണം നടത്തുക സാദ്ധ്യമല്ല.

ശ്രീ. എം. ഐ. പോൾ: ശുദ്ധജലം വിതരണം ചെയ്യുന്നതും കുഴൽക്കിണർ ചെയ്യുന്നതും ഏതു മന്ത്രിയാണു്?

ശ്രീ. എ. ജെ. ജോൺ: ഇതു രണ്ടും മന്ത്രിയല്ല ചെയ്യുന്നതു്.

ശ്രീ. എം. ഐ. പോൾ: ശുദ്ധജലവിതരണകാര്യത്തിൽ തീരപ്രദേശത്തിനു മുൻഗണന കൊടുക്കുവാൻ ഗവണ്മെണ്ടു തയ്യാറാകുമോ?

ശ്രീ. എ. ജെ. ജോൺ: അതാണു ഗവണ്മെണ്ടിന്റെ നയം. അതിനു വേണ്ടതെല്ലാം ഗവണ്മെണ്ടു ചെയ്യുന്നുണ്ടു്.

ശ്രീ. എം. ഐ. പോൾ: കുഴൽ മന്ത്രിയും കിണർ മന്ത്രിയും ഫിനാൻഷ്യൽ മന്ത്രിതന്നെയാണൊ? (ചിരി).

മി. സ്പീക്കർ: ആ ചോദ്യം ഉത്തരം അർഹിക്കുന്നില്ല.

Sri. M. I. Paul: The Finance Minister is giving replies, whereas the better authority is the P. W. D. Minister for giving information regarding this matter.

Mr. Speaker: The Administration, through its accredited representative is giving replies.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കഴിയുന്നതും വേഗത്തിൽ തീരപ്രദേശത്തുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ ഗവണ്മെണ്ടു നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: നടത്തിക്കൊണ്ടിരിക്കുകയാണ്.

*944. [33] Not put.

പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക്

*൯൫൪. (൯൫) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി പള്ളുരുത്തിയിലുള്ള ടി. ബി. ക്ലിനിക്കിന്റെ പ്രവർത്തനത്തിന് ഇനി എത്ര കാലതാമസം വരും; അതിനുള്ള കാരണമെന്താണ്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക് ൧൦—൧൦—൧൯൫൦ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കൊച്ചിയിൽ വേറെ ടി. ബി. ക്ലിനിക്ക് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൃശ്ശൂരിൽ ഒന്നുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: എറണാകുളത്ത് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എം. ഐ. പോൾ: പള്ളുരുത്തിയിലുള്ള ക്ലിനിക്കിൽ എത്ര ഡാക്ടർമാരുണ്ട്?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേരുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ഇനിയും ആവശ്യമുള്ള മരുന്നുകൾ എത്തിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെ മരുന്നുകൾ കൊടുത്തിട്ടുണ്ട്. പോരാതെ വരുന്ന മരുന്നുകൾ അവിടെ അടുത്തുള്ള ആശുപത്രിയിൽനിന്നും കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

അയിത്താചാരം

*൯൫൫. (൯൭) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ പൊതുനിരത്തുകൾ സംരക്ഷണനിയമനിർമ്മാണത്തിനു ശേഷവും, പല സ്ഥലങ്ങളിലും ചായക്കടകളിലും കാപ്പിക്കടകളിലും അയിത്താചാരം നടത്തിവരുന്നതായും തൻനിമിത്തം കലാപങ്ങൾക്കും അക്രമങ്ങൾക്കും സംഗതിയായി വരുന്നതായും പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്തുനടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) അതേപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ കുറ്റംചെയ്തിട്ടുള്ളവരുടെ പേരിൽ കേസ്സുകൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ നിയമനിർമ്മാണം നടത്തിയതിനുശേഷം ആ നിയമത്തെ അതിലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ആശാസ്യമല്ലെന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആശാസ്യമല്ലാഞ്ഞിട്ടാണ് അങ്ങനെയുള്ളവരുടെ പേരിൽ നടപടി നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly